(സി) ഈ പ്രവണത തുടർന്നുകൊണ്ടുപോകുവാൻ എന്തെല്ലാം നടപടികളെടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ 20 തൊഴിൽ സമരങ്ങളുണ്ടായിട്ടുണ്ട്.

(ബി) ഉണ്ട്. ഏതെങ്കിലും തൊഴിൽ സ്ഥാപനത്തിൽ എന്തെങ്കിലും തൊഴിൽ പ്രശ്നം ഉടലെടുത്തതായി ശ്രദ്ധയിൽപ്പെട്ടാൽ തൊഴിൽവകുപ്പിലെ അനുരഞ്ജന ഉദ്യോഗസ്ഥർ അടിയന്തിരമായി ഇടപെട്ട് ചർച്ചയിലൂടെ പ്രശ്നപരിഹാരം നടത്താറുണ്ട്.

(സി) ചർച്ചയിലൂടെ തൊഴിൽപ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർ ഓഫ് അഗ്രികൾച്ചറൽ ലേബർ ഓഫീസർ മുതൽ ലേബർ കമ്മീഷണർ വരെയുള്ള ഉദ്യോഗസ്ഥരെ 1947-ലെ തൊഴിൽ തർക്കനിയമം വകുപ്പ് (4) പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർ ഉചിതമായ നടപടികൾ സ്വീകരിക്കാറുണ്ട്.

കുറഞ്ഞ കൂലി ഏർപ്പെടുത്തിയിട്ടുള്ള വ്യവസായങ്ങൾ

48 [5604] ശ്രീ. എ. കെ. മണി:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, സി. പി. മുഹമ്മദ്:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വ്യവസായങ്ങളിലും തൊഴിലുകളിലും കുറഞ്ഞ കൂലി ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എത്ര വ്യവസായശാലകളിലും തൊഴിലുകളിലും കുറഞ്ഞ കൂലി പുതുക്കിയിട്ടുണ്ട്;

(സി) ഏതെല്ലാം വ്യവസായങ്ങളിൽ കുറഞ്ഞ കൂലി പുതുക്കാൻ നടപടി എടുത്തു വരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 41 മേഖലകളിൽ മിനിമം വേതനം ഏർപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (പേര് വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.)†

(ബി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം 13 മേഖലകളിൽ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത മേഖലകളുടെ പേരുവിവരം ചുവടെ കൊടുക്കുന്നു:

1. ഓയിൽ പാം പ്ലാന്റേഷൻ
2. ബ്ലോക്ക് റബ്ബർ ഫാക്ടറികൾ
3. മദ്യവ്യവസായ വിൽപ്പന മേഖല

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. ആനകളുടെ പരിപാലനവും സംരക്ഷണവും
5. വനംമേഖല
6. പവർലൂം വ്യവസായം
7. മണൽവാരലും കയറ്റിറക്കും മേഖല
8. റൈസ്മിൽ, ഫ്ളവർ മില്ലുകൾ, ഓയിൽ മില്ലുകൾ
9. മെഡിക്കൽ ഷോപ്പുകളിലെ ഫാർമസിസ്റ്റുകൾ
10. കയർ വ്യവസായം
11. ഹോസ്റ്റലുകൾ
12. കെട്ടിട നിർമ്മാണം, റോഡുകളുടെ അറ്റകുറ്റപ്പണികളും നിർമ്മാണവും, കല്ലുടയ്ക്കൽ, പാറപൊട്ടിക്കൽ
13. കർഷക പ്രവർത്തന മേഖല

(സി) ടിംബർ, പ്ലൈവുഡ്, ഐസ് ഫാക്ടറി, തീപ്പെട്ടി വ്യവസായം, മൈനർ പോർട്ടുകൾ, റ്ബ്ബറധിഷ്ഠിത ഉൽപ്പന്ന നിർമ്മാണം എന്നീ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടി പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൻമേലുള്ള മിനിമം വേതന ഉപദേശക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതാണ്.

ഇ. എസ്. ഐ. ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ

49 [5605] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ. എസ്. ഐ. ആനുകൂല്യമുള്ള തൊഴിലാളികൾക്ക് ചികിത്സാവശ്യങ്ങൾക്കും മറ്റും അപേക്ഷ നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2001-02, 2002-03 വർഷങ്ങളിൽ ഓരോ ജില്ലയിൽനിന്നും ഇങ്ങനെയുള്ള എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ട്;

(സി) ഇതിൽ എത്ര അപേക്ഷകൾക്ക് ധനസഹായം അനുവദിച്ചു;

(ഡി) ഇനിയെത്ര അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) എല്ലാ അപേക്ഷകളിലും തീർപ്പ് കൽപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൊഴിലാളികൾക്ക് അവർ പുറത്തുനിന്നും വാങ്ങിയിട്ടുള്ള മരുന്നിന്റെ റീ ഇംപേഴ്സ്മെന്റ് നൽകുന്നതിന് കാലതാമസം വന്നിട്ടുണ്ട്.

(ബി) ഇ.എസ്.ഐ.-യുടെ ഭരണ സംവിധാനം ജില്ലാടിസ്ഥാനത്തിലല്ലാത്തതിനാൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly